(സി) 25 സെന്റ് സ്ഥലം കരകുളം പഞ്ചായത്ത് വാങ്ങിയിട്ടുണ്ടെങ്കിലും ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടില്ല.

(ഡി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നാണ് മോണിറ്ററിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

42 [76] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 100 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പണിയുന്നതിനുള്ള നടപടികൾ എത്തുവരെയായി;

(സി) ഈ സാമ്പത്തികവർഷം തന്നെ ഈ വാർഡ് പണിതുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 100 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി, സി) സാമ്പത്തിക പരിമിതിമൂലം പുതിയ പണികളൊന്നും ഈ വർഷം തുടങ്ങേണ്ടതില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.

കൂട്ടുമുഖം ഗവൺമെന്റ് ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് സർജന്റെ നിയമനം

43 [77] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കൂട്ടുമുഖം ഗവൺമെന്റ് ഡിസ്പെൻസറിയിൽ ഒരു അസിസ്റ്റന്റ് സർജനെ നിയമിക്കുന്നതിനും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കൂട്ടുമുഖം ഗവൺമെന്റ് ഡിസ്പെൻസറിയിൽ 6-7-85-ൽ ഒരു ഡോക്ടറെ നിയമിച്ചിരുന്നുവെങ്കിലും പ്രസ്തുത ഡോക്ടർ ഹാജരാകുന്നതിനുള്ള സമയം ദീർഘിപ്പിച്ചു കിട്ടുന്നതിനുവേണ്ടി അപേക്ഷിച്ചിരിക്കുകയാണ്. മറ്റൊരു ഡോക്ടറെ ഉടനെ തന്നെ നിയമിക്കുന്നതാണ്.

ആവശ്യമനുസരിച്ച് മരുന്നുകളും ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly